## പതിനഞ്ചാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം . *20 05/12 /2022-ൽ മറുപടിയ്ക്ക്

## ലൈഫ് പദ്ധതിയുടെ രണ്ടാം ഘട്ടം

**ചോദ്യം**
**ശ്രീ ഡി കെ മുരളി**
**ഡോ.കെ.ടി.ജലീൽ**
**ശ്രീ. എൻ.കെ. അക്ബർ**
**ശ്രീ. കെ. പ്രേംകുമാർ**

**മറുപടി**
**എം.ബി രാജേഷ്**
(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി )

| | | | |
|---|---|---|---|
| എ) | ലൈഫ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ പുതുതായി എത്ര കുടുംബങ്ങളെയാണ് അർഹരായി കണ്ടെത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ; | എ) | ലൈഫ് 2020 പ്രകാരം ഓൺലൈനായി സ്വീകരിച്ച അപേക്ഷകളിന്മേൽ ഭൂമിയുള്ള ഭവനരഹിതരായി 3,68,466 കുടുംബങ്ങളേയും, ഭൂരഹിത ഭവനരഹിതരായി 1,97,175 കുടുംബങ്ങളേയും കണ്ടെത്തിയിട്ടുണ്ട് (മട്ടന്നൂർ നഗരസഭയിൽ തെരഞ്ഞെടുപ്പ് കാരണം ഗുണഭോക്തൃ പട്ടിക അന്തിമമാക്കി പ്രസിദ്ധീകരിച്ചിട്ടില്ല). |
| ബി ) | ലൈഫ് പട്ടികയിലുൾപ്പെട്ട അർഹരായ എല്ലാവർക്കും വീട് നിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ടോ; നടപ്പ് സാമ്പത്തിക വർഷം എത്ര വീടുകളുടെ നിർമ്മാണത്തിന് അനുമതി നൽകാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | ബി ) | നടപ്പ് സാമ്പത്തിക വർഷം 1,06,000 വീടുകളുടെ നിർമ്മാണമാണ് ഏറ്റെടുത്തിട്ടുള്ളത്. ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിലെ അർഹരായ എല്ലാ പട്ടികജാതി, പട്ടികവർഗ്ഗ, ഫിഷറീസ് വിഭാഗത്തിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്കും അതിദരിദ്രരുടെ സർവ്വയിലൂടെ കണ്ടെത്തിയിട്ടുള്ള വീട് ആവശ്യമുള്ള ഗുണഭോക്താക്കൾക്കും ഭവന നിർമ്മാണാ |

| | | | |
|---|---|---|---|
| | | | നുകൂല്യം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. തുടർന്ന് മറ്റ് ഗുണഭോക്താക്കളെ മുൻഗണനാ പ്രകാരം ആനുകൂല്യത്തിന് പരിഗണിക്കും |
| സി ) | പ്രസ്തുത പദ്ധതിക്ക് ഫണ്ട് കണ്ടെത്തുന്നതിനായി സർക്കാർ ഉറപ്പിന്മേൽ കേരള നഗര - ഗ്രാമ വികസന ധനകാര്യകോർപ്പറേഷൻ മുഖേന വായ്പ ലഭ്യമാക്കുന്നത് തടയാൻ കേന്ദ്രസർക്കാർ ശ്രമിക്കുന്നുവെന്ന വാർത്ത ഭവനരഹിതരിൽ സൃഷ്ടിച്ചിട്ടുള്ള ആശങ്ക കണക്കിലെടുത്ത് പ്രസ്തുത നിലപാട് തിരുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ? | സി ) | ലൈഫ് പദ്ധതി നടപ്പാക്കുന്നതിന് സംസ്ഥാന ബജറ്റിൽ നിന്ന് ലഭിക്കുന്ന തുക മതിയാകാതെ വരുന്ന സാഹചര്യത്തിലാണ് സംസ്ഥാന സർക്കാരിന്റെ ഉറപ്പിന്മേൽ പുറമേ നിന്നും വായ്പയെടുക്കുന്നത്. സംസ്ഥാന സർക്കാരിന്റെ വികസന പദ്ധതികൾ നടപ്പാക്കുന്നത് ഇങ്ങനെ പല സ്രോതസുകളിൽ നിന്നുള്ള ഫണ്ട് ഉപയോഗിച്ചാണ്. ലൈഫ് പദ്ധതിയ്ക്ക് വേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എടുക്കുന്ന വായ്പയ്ക്ക് നൽകുന്ന സർക്കാർ ഗ്യാരന്റി, സർക്കാരിന്റെ വായ്പാ കണക്കിൽ ഉൾപ്പെടുത്തുന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. ഇത്തരം സമീപനം തിരുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**